പരമാവധി രണ്ട് ദിവസത്തിനകവും 10,000 രൂപ വരെയുള്ള വായ്പകൾ പരമാവധി അഞ്ച് ദിവസത്തിനകവും അനുവദിക്കുന്നതിനും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 10,000 രൂപ വരെയുള്ള വായ്പകൾ പരമാവധി ഒരു വർഷത്തിനകവും 5,000 രൂപ വരെയുള്ള വായ്പകൾ പരമാവധി 100 ദിവസത്തിനകവും തിരികെ അടയ്ക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ അംഗങ്ങൾക്കും ഇടപാടുകാരായ മറ്റ് പൊതുജനങ്ങൾക്കും സഹകാരികൾക്കും വളരെ വേഗത്തിൽ സംഘങ്ങൾ/ബാങ്കുകളുടെ സേവനം ലഭ്യമാക്കുന്നതിനും വായ്പ ലഭ്യമാക്കുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽ സംഘങ്ങൾ/ബാങ്കുകളുടെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെയും പ്രവർത്തിപ്പിക്കുന്നതിനും കൂടാതെ ഞായറാഴ്ചകളിൽ "സൺഡേ ബാങ്കിംഗ്" പ്രവർത്തനം നടത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ എല്ലാ പ്രാഥമിക വായ്പാ സംഘങ്ങളും/ബാങ്കുകളും ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും ഈ പദ്ധതി നടപ്പിലാക്കുന്നതിൽ പങ്കാളികളാണ്.

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ പുനരുദ്ധാരണം

70 (7906) ശ്രീ. എം. എ. വാഹീദ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ പുനരുദ്ധരിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം സേവനങ്ങളാണ് കർഷകർക്ക് ഇവിടെ നിന്ന് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ പുനരുദ്ധരിക്കുന്നതിനായി സംസ്ഥാന പദ്ധതിയിൽ നിലവിൽ പദ്ധതിയുണ്ട്. അതോടൊപ്പം ദുർബലവും എന്നാൽ ശക്തിയാർജ്ജിക്കുവാൻ സാധ്യതയുള്ള സഹകരണ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ അനുയോജ്യമായ പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ധനസഹായം നൽകി വരുന്നുണ്ട്. ടി പദ്ധതി പ്രകാരം ഈ വർഷവും ധനസഹായം നൽകി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിലൂടെ സംഘങ്ങളെ നഷ്ടത്തിൽ നിന്ന് കരകയറ്റുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും തദ്വാര മെച്ചപ്പെട്ട സേവനം അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) കാർഷിക വായ്പാ സംഘങ്ങൾ/ബാങ്കുകൾ മുഖേന കർഷകർക്ക് ആവശ്യമായ കാർഷിക വായ്പകൾ, ന്യായവിലയ്ക്ക് വളം, വിത്ത്, കീടനാശിനി എന്നിവ വിതരണം ചെയ്യുന്നത് കൂടാതെ കാർഷികോൽപ്പന്നങ്ങൾ സൂക്ഷിക്കുന്നതിന് ഗോഡൗൺ സംവിധാനം ലഭിക്കുന്നു. കാർഷികാവശ്യത്തിനായി സ്വർണ്ണപ്പണയ വായ്പ, മറ്റ് ഹ്രസ്വകാല പലിശ രഹിത കാർഷിക വായ്പ, സംഘങ്ങളുടെ ആഭിമുഖ്യത്തിൽ സ്വാശ്രയ ഗ്രൂപ്പുകൾ മുഖേന കാർഷിക അനുബന്ധ ആവശ്യങ്ങൾക്കുള്ള വായ്പ എന്നിവ നൽകിവരുന്നു. മാത്രമല്ല തിരഞ്ഞെടുക്കപ്പെട്ട സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പുമായി സഹകരിച്ച് ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന പദ്ധതി പ്രകാരം ഓഹരി, വായ്പ, സബ്സിഡി ഇനങ്ങളിലായി ധനസഹായം അനുവദിക്കുന്നുണ്ട്. സംഘങ്ങൾക്ക് അനുവദിക്കുന്ന ധനസഹായം പുനരുദ്ധാരണത്തിനായി വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ആയതിന്റെ പുരോഗതി വിലയിരുത്തുന്നതിനുമായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പുനരുദ്ധാരണത്തിന്റെ ഭാഗമായി കർഷകരെ പ്രോത്സാഹിപ്പിച്ച് കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പുമായി സഹകരിച്ച് ഫാർമേഴ്സ് സർവ്വീസ് സെന്ററുകളും അനുവദിച്ചിട്ടുണ്ട്.